RCS/2649/2020-CP(6)

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി:24/09/2020
വെബ് സൈറ്റ്-www.cooperation.kerala.gov.in
ഇ-മെയിൽ: keralarcs.coop@kerala.gov.in
ടെലിഫോൺ-0471-2330726/2331891

## സർക്കുലർ നമ്പർ 66 /2020

വിഷയം: പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ Money Transfer സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുന്നത് - സംബന്ധിച്ച്

സൂചന: 1. സഹകരണ സംഘം രജിസ്ട്രാറുടെ 18/2014 നമ്പർ സർക്കുലർ

2. Wiezmann forex, Paul Merchants എന്നീ സ്ഥാപനങ്ങളുടെ നിവേദനങ്ങൾ

Money Transfer പ്രവർത്തികൾ Western Union Money Transfer മുഖേന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ /ബാങ്കുകളിൽ നടപ്പിലാക്കുന്നതിന് സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആധുനിക ബാങ്കിംഗ് സംവിധാനത്തിന്റെ ഭാഗമായ Money Transfer രംഗത്ത് നിരവധി കമ്പനികൾ/ഏജന്റുമാർ കേരളത്തിനകത്തും പുറത്തും വിദേശത്തും പ്രവർത്തിക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ ഇടപാടുകാർക്ക് കൂടുതൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനും, പൊതുജനങ്ങളുമായി സഹകരണ മേഖലയെ കൂടുതൽ അടുപ്പിക്കുന്നതിനും, ബാങ്കിംഗ് രംഗത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയക്ക് സഹായകരമാവുന്ന വിധത്തിൽ Money Transfer രംഗത്ത് കൂടുതൽ അംഗീകൃത ഏജൻസികൾ/കമ്പനികളുടെ സംവിധാനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിച്ചതിൽ, Money Transfer മേഖലയിൽ പ്രവർത്തനപരിചയമുള്ളതും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ളതുമായ കമ്പനികൾ/ഏജന്റുമാർ എന്നിവർക്ക് നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് അംഗീകാരം നൽകാവുന്നതാണ്. ടി സംവിധാനം നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ സാമ്പത്തിക സ്ഥിതി, പ്രവർത്തനമികവ് എന്നിവ പരിഗണിച്ചും, സംഘങ്ങൾ/ബാങ്കിന് നഷ്ടമുണ്ടാകില്ലെന്നും ഉറപ്പ് വരുത്തിയും, ആർബിഐ മാർഗ്ഗനിർദേശങ്ങളും പണം കൈമാറ്റവുമായി ബന്ധപ്പെട്ട നിയമങ്ങളും പാലിക്കുന്നത് കമ്പനികൾ/ഏജന്റുമാരുടെ പൂർണ്ണ ഉത്തരവാദിത്തമാണെന്ന് പ്രത്യേകം പരാമർശിച്ച് സഹകരണ സംഘങ്ങൾ/ബാങ്കുകളും കമ്പനികൾ/ഏജന്റുമാരും തമ്മിൽ

രേഖാമൂലമുള്ള കരാറുകൾ ഉണ്ടാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തികൊണ്ട് ജില്ലാ ജോയിന്റ് രജിസ്ട്രാർ ജനറൽമാർക്ക് തന്നെ നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്
**ഡോ.നരസിംഹഗരി റ്റി.എൽ.റെഡ്ഡി ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്**

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3) എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
4) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
6) എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും.
7) സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്)
8) സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)
9) വെബ് സൈറ്റ്(പ്രസിദ്ധീകരണത്തിന്)
10) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)